നടത്താനും കഴിയും. സി.ആർ.എഫ്. നോംസ് അനുസരിച്ച് അങ്ങനെയുള്ള കെട്ടിടങ്ങൾ പണിയാൻ കേന്ദ്ര ഗവൺമെന്റ് അനുവദിക്കില്ല. ഞാൻ മുഖ്യമന്ത്രിയുമായി ആലോചിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് കുറച്ചെങ്കിലും ഫണ്ട് എടുത്തുകൊണ്ട് ഒന്നു രണ്ട് സ്ഥലങ്ങളിൽ ഇങ്ങനെയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ എടുക്കാം. അത് മുഖ്യമന്ത്രിയുമായി ആലോചിച്ച് ചെയ്യാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ അവിടത്തെ കെടുതിയുടെ കാഠിന്യം പരിഗണിച്ച് കൊണ്ട് ഈ നിയമസഭാ സമ്മേളനം കഴിഞ്ഞ ഉടനെ ആഗസ്റ്റ് മാസം 5-ാം തീയതി കെടുതികൾ ഉണ്ടായ നിയോജകമണ്ഡലങ്ങൾ സന്ദർശിക്കാം. നമുക്ക് കൂട്ടായി ഇരുന്നുകൊണ്ട് അവിടത്തെ നാശനഷ്ടങ്ങളെ സംബന്ധിച്ചിടത്തോളം എന്തെല്ലാം ചെയ്യാം, കൂടതൽ ആശ്വാസം എങ്ങനെ കൊടുക്കാൻ കഴിയും എങ്ങനെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ കഴിയും തുടങ്ങിയ കാര്യങ്ങളെപ്പറ്റി ആലോചിക്കാം. ആഗസ്റ്റ് മാസം 5-ാം തീയതി കെടുതികൾ ഉണ്ടായിട്ടുള്ള സ്ഥലങ്ങൾ സന്ദർശിക്കാൻ തയ്യാറാണ്.

(10) നെടുങ്ങോലം രാമറാവു ആശുപത്രി, നെടുമ്പന റ്റി. ബി. ആശുപത്രി, പാരിപ്പള്ളി, കല്ലയ്ക്കോട് പി.എച്ച്.സി. കളിലെ ഐ.പി. വിഭാഗം എന്നിവിടങ്ങളിൽ ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, എന്റെ മണ്ഡലത്തിലെ വിവിധ ആശുപത്രികളുടെ ശോച്യാവസ്ഥയെക്കുറിച്ച് ഞാൻ ഇതിനോടകം പല തവണ ഈ സഭയിൽ സബ്മിഷൻ ഉന്നയിച്ചിട്ടുണ്ട്. 'നെടുങ്ങോലം രാമറാവു ആശുപത്രി' എന്നുവച്ചാൽ ആന്ധ്രയിലെ റാവു കുടുംബം തിരുവിതാംകൂർ ദിവാനായ സർ. സി. പി. രാമറാവുവിന്റെ പിൻഗാമികളായ ഒരു കുടുംബം നമുക്ക് ദാനമായി തന്ന 50 ഏക്കർ പുരയിടവും അതിന്റെ ആശുപത്രി കെട്ടിടവുമായിരുന്നു. അത് ഇന്ന് 18 ഏക്കർ പുരയിടവും അതിൽ ഒരു ആശുപത്രിയും ഉണ്ട്. 1970-ലാണ് സർക്കാർ ഇത് ഏറ്റെടുത്തത്. 2003 ഡിസംബർ 23-ന് ഇതൊരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്തിയെങ്കിലും ഇതുവരെ അതിന്റെ സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ഡോക്ടർമാരെയോ പാരാമെഡിക്കൽ സ്റ്റാഫിനെയോ നിയമിച്ചിട്ടില്ല. ഗവൺമെന്റിന്റെ ഉദാസീനതമൂലം യൂറോപ്യൻ കമ്മീഷനിൽനിന്നും ലഭിക്കേണ്ടിയിരുന്ന 80 ലക്ഷം രൂപയുടെ വികസനപ്രവർത്തനങ്ങൾ ഇന്ന് തടസ്സപ്പെട്ടിരിക്കുകയാണ്. അതുപോലെ തന്നെയാണ് 'നെടുമ്പന ടി.ബി. ആശുപത്രി', ജില്ലാ ടി.ബി. ആശുപത്രിയായി ഉയർത്തണമെന്ന് ആരോഗ്യവകുപ്പ് വളരെക്കാലമായി ആലോചിക്കുന്നുണ്ടെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഇതുവരെ നടപ്പായില്ല. അവിടെയും ഡോക്ടർമാരുടെ കുറവുണ്ട്. നമ്മുടെ ബഹുമാന്യനായ ഇപ്പോഴത്തെ മന്ത്രി കെ. കെ. രാമചന്ദ്രൻ മാസ്റ്റർ തന്നെ വന്ന് ഐ.പി. വിഭാഗം ഉത്ഘാടനം ചെയ്ത പ്രൈമറി ഹെൽത്ത് സെന്ററാണ് പാരിപ്പള്ളിയിലും കല്ലയ്ക്കോടും ഉള്ളത്. പാരിപ്പള്ളി എന്നുപറഞ്ഞാൽ ഹൈവേയിലെ ഒരു പ്രധാനപ്പെട്ട സ്ഥലമാണ് തുടരെത്തുടരെ അപകടങ്ങൾ ഉണ്ടാകുന്നതും എത്രയോ റോഡ് ആക്സിഡന്റ് കേസുകൾ കൊണ്ടുവന്ന് അഡ്മിറ്റ് ചെയ്യുന്ന ഒരു പ്രദേശമാണ്. കല്ലയ്ക്കോട് പി.എച്ച്.സി. എന്നാൽ മദർ പി.എച്ച്.സി. ആണ്. ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള മദർ പി.എച്ച്.സി. ആണ്. ഇവിടെയെല്ലാം മതിയായ സ്റ്റാഫുകൾ ഇല്ലാത്തതുമൂലം വളരെയേറെ തടസ്സങ്ങൾ ഉണ്ടായിരിക്കുകയാണ്. ഈ ആശുപത്രി, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി പ്രഖ്യാപിക്കാനും, ജില്ലാ ടി.ബി. ആശുപത്രിയായി പ്രഖ്യാപിക്കാനും സ്റ്റാഫുകളെ തരുവാനും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പു മന്ത്രി നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത് വലിയ ഒരു സാമൂഹ്യ പ്രശ്നമാണ്. ഗ്രാമീണ മേഖലയിൽ ഡോക്ടർമാർ ജോലിചെയ്യാൻ വരാൻ തയ്യാറാകാത്ത ഒരു സാമൂഹ്യ പ്രശ്നം നിലവിലിരിക്കുന്ന പച്ചയായ യാഥാർത്ഥ്യം കണ്ട്, ഈ സഭ അതിനു വേണ്ടിയുള്ള പരിഹാരം കൂടിയുണ്ടാക്കണം. അതിനുവേണ്ടി ഞാൻ അവിടെ ആ ഗ്രാമത്തിൽ നിന്നൊരു ഡോക്ടറെ നിർദ്ദേശിച്ചിട്ട്, മന്ത്രി റെക്കമെൻഡ് ചെയ്തിട്ടും ഡി.എച്ച്.എസ്. അത് അനുവദിച്ച് തരാൻ തയ്യാറായില്ല. മറിച്ച് ആ ഡോക്ടറെ നേരെ കാസർഗോഡ് ജില്ലാ ആശുപത്രിയിലേക്ക് മാറ്റി. ഗ്രാമീണ മേഖലയിൽ ജോലിചെയ്യാൻ ഇന്ന് ആളുകൾ വരാത്തതിന്റെ കാരണം, ലക്ഷക്കണക്കിന് രൂപ കൊടുത്ത് എൻട്രൻസ് പരീക്ഷ എഴുതി വരുന്ന സമ്പന്ന വിഭാഗത്തിലെ, പ്രത്യേകിച്ചും നഗരങ്ങളിലെ കുട്ടികൾ ഡോക്ടർമാരാകുമ്പോൾ അവർ ഗ്രാമീണ മേഖലയിൽ ജോലിചെയ്യാൻ തയ്യാറല്ല. അങ്ങനെയുള്ള ഒരു സാമൂഹ്യപ്രശ്നം കൂടി ഇക്കാര്യങ്ങളിലൊക്കെയുണ്ട്. അതിനുകൂടി പരിഹാരം കാണുന്നതിന് ബഹുമാനപ്പെട്ട ഗവൺമെന്റ് ആലോചിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്.

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*: സർ, നെടുങ്ങോലം രാമറാവു ആശുപത്രി മാർച്ച് 2003-ൽ സി. എച്ച് സി. ആയി ഉയർത്തപ്പെട്ട ആശുപത്രിയിൽ പുനർവിന്യാസം വഴി മൂന്നു ഡോക്ടർമാരെ നിയമിച്ചുവെങ്കിലും അതിൽ ഒരാൾ മാത്രമേ ജോയിൻ ചെയ്തുള്ളൂ. പുനർവിന്യാസം താൽക്കാലിക ഒരു നടപടിയാണ്. ആയതിനാൽ 3 അസിസ്റ്റന്റ് സർജൻ, 2 സ്റ്റാഫ് നേഴ്സ്, ഒരു ഓപ്താൽമിക് അസിസ്റ്റന്റ്, ഒരു റേഡിയോ ഗ്രാഫർ, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെ അധികം തസ്തിക

11.00 A.M.]

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സൃഷ്ടിക്കുന്നതിനായുള്ള നിർദ്ദേശം സർക്കാറിന്റെ പരിഗണനയിലാണ്. നിലവിൽ 27 സ്റ്റാഫുകളുള്ള പ്രസ്തുത ആശുപത്രിയിൽ 2 ലാബ് ടെക്നീഷ്യൻമാരുടെയും മൂന്ന് ആശുപത്രി അറ്റൻഡർമാരുടേയും ഒരു പ്യൂണിന്റേയും ഒഴിവുകളുമുണ്ട്. 75 കിടക്കകളുള്ള നെടുമ്പന ഗവൺമെന്റ് ആശുപത്രിയിൽ ഐ. പി. സുഗമമായി പ്രവർത്തിക്കുന്നുണ്ട്. അനുവദിക്കപ്പെട്ട സ്റ്റാഫുകളുടെ എണ്ണം 40 ആണ്. ഹെഡ്നേഴ്സ്-1, സ്റ്റാഫ് നേഴ്സ്-2, നേഴ്സിംഗ് അസിസ്റ്റന്റ്-5, ആശുപത്രി അറ്റൻഡർ ഗ്രേഡ് ഒന്ന്-2, ആശുപത്രി അറ്റൻഡർ ഗ്രേഡ് 2-7, എന്നീ ഒഴിവുകൾ നിലവിലുണ്ട്. ഗ്രേഡ് 2, ആശുപത്രി അറ്റന്ററുടെ ആറ് തസ്തികകളിൽക്കൂടി ദിവസക്കൂലിയടിസ്ഥാനത്തിൽ സേവനം ലഭ്യമാകുന്നുണ്ട്. ഇതിൽ എത്രയും പെട്ടെന്ന് നടപടികൾ എടുക്കുന്നതാണ്. പാരിപ്പള്ളി പി.എച്ച്.സി. യിൽ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് ഐ. പി. വിഭാഗം പ്രവർത്തിക്കുന്നുണ്ട്. അനുവദിക്കപ്പെട്ട 31 സ്റ്റാഫുകളിൽ 2 ആശുപത്രി അറ്റൻഡർമാരുടെ ഒഴിവുണ്ട്. സർ, കലയ്ക്കോട് പി.എച്ച്.സി. യിൽ ഐ. പി. വിഭാഗം പ്രവർത്തിക്കുന്നതിലേക്കായി 15-7-2002-ലെ ഉത്തരവു പ്രകാരം അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ്നേഴ്സ്-2, നേഴ്സിംഗ് അസിസ്റ്റന്റ്-1, ആശുപത്രി അറ്റൻഡർ ഗ്രേഡ്-രണ്ട്-1, എന്നീ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഡോക്ടർമാർ ഇല്ലാതിരുന്നതിനാൽ 26-1-2005-മുതൽ മുടങ്ങിക്കിടന്ന ഐ. പി. വിഭാഗം പ്രവർത്തിപ്പിക്കുന്നതിനായി 2-7-2005-ൽ രണ്ട് ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. നിലവിൽ മെഡിക്കൽ ആഫീസർ-1, നഴ്സിംഗ് അസിസ്റ്റന്റ്-1, ആശുപത്രി അറ്റന്റർ 2, ഡ്രൈവർ-1, എന്നീ തസ്തികകൾ ഒഴിവുണ്ട്. റൂറൽ ഏരിയയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അവർക്ക് എന്തെങ്കിലും മെച്ചപ്പെട്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നെങ്കിൽ മാത്രമേ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ കഴിയൂ.

(11) കുറ്റ്യാടി ജലസേചന പദ്ധതിയുടെ പണി പൂർത്തിയാക്കാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കോഴിക്കോട് ജില്ലയിൽ മൂന്നു താലൂക്കുകളിലായി മുപ്പത്തിയൊന്നായിരത്തി ഒരുന്നൂറ്റി അറുപത് ഹെക്ടർ കൃഷിസ്ഥലത്ത് ജലസേചനം നടത്തുന്ന പ്രധാന കനാലുകളും ബ്രാഞ്ചു കനാലുകളും വിതരണ കനാലുകളും നീർചാലുകളും ഉൾപ്പെടുന്ന 602.40 കിലോമീറ്റർ വ്യാപിച്ചുകിടക്കുന്ന കനാൽ ശൃംഗലകളിൽ ഏറ്റവും പ്രധാനപ്പെട്ട ജലസേചന പദ്ധതിയാണ് കുറ്റിയാടി ജലസേചന പദ്ധതി. ഈ പദ്ധതിയിൽക്കൂടി വെള്ളം വിതരണം ചെയ്യുന്നത് ശരിയായി നടക്കുന്നില്ല എന്നുള്ള പ്രത്യേക